## എന്റെ ഭാരതീയരേ... ... ..

വർഷങ്ങൾക്കു മുൻപ് ഭാഗ്യം ലഭിക്കുമെന്ന് നാമൊരു വാക്കു നൽകിയിരുന്നത്, പൂർണ്ണമായിട്ടില്ലങ്കിലും വലിയൊരു പരിധി വരെ പാലിക്കുവാനുള്ള സമയം വന്നെത്തിയിരിക്കുന്നു. ഇന്നു രാത്രി പന്ത്രണ്ട് മണിക്ക് ലോകം മുഴുവനും ഉറങ്ങുന്ന സമയത്ത് ഭാരതം പുതു ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരും. ചരിത്രത്തിൽ അപൂർവ്വമായി സംഭവിക്കാവുന്ന ഒരു നിമിഷം, നമ്മൾ പഴമയിൽ നിന്നും പുതുമയിലേക്ക് പോകുന്നു, ഒരു യുഗത്തിന്റെ അന്ത്യം കുറിയ്ക്കുന്നു, ദീർഘകാലമായി ചൂഷണം ചെയ്യപ്പെട്ടിരുന്ന ഒരു രാജ്യത്തിന്റെ ആത്മാവിന് സംസാരിക്കാൻ കഴിയുന്നു, പവിത്രമായ ഈ അവസരത്തിൽ ഭാരതത്തെയും ഭാരതജനതയെയും അതിലുപരി മാനവികതയെ സേവിക്കുന്നതിന് സ്വയം സമർപ്പിച്ച് പ്രതിജ്ഞയെടുക്കണം.

HSSLiVE.IN

ചരിത്രത്തിന്റെ തുടക്കം മുതൽ തന്നെ ഭാരതം അവളുടെ അനന്തമായ അന്വേഷണം ആരംഭിച്ചു, എത്രയോ നൂറ്റാണ്ടുകളിൽ അത് മഹത്തായ വിജയങ്ങളും പരാജയങ്ങളും നിറഞ്ഞതാണ്. സൗഭാഗ്യ-ദൗർഭാഗ്യങ്ങൾക്കിടയിലും തന്റെ അന്വേഷണത്തിൽ നിന്നും പിന്മാറുകയോ, തനിക്ക് ശക്തി പകർന്ന ആദർശങ്ങളെ മറക്കുകയോ ചെയ്തിട്ടില്ല. ഇന്ന് നമ്മൾ ദൗർഭാഗ്യത്തിന്റെ ഒരു യുഗം അവസാനിപ്പിച്ച് ഭാരതം വീണ്ടും സ്വയം കണ്ടെത്തുകയാണ്. നമ്മൾ ഇന്ന് ആഘോഷിക്കുന്ന ഈ നേട്ടം, പുതിയ അവസരങ്ങളിലേക്കുള്ള ചുവടുവയ്പ്പ് മാത്രമാണ്. ഇതിലും വലിയ വിജയങ്ങളും നേട്ടങ്ങളും നമ്മെ കാത്തിരിക്കുന്നു. ഈ അവസരങ്ങൾ അറിഞ്ഞ് ഭാവിയിലേക്കുള്ള വെല്ലുവിളികൾ സ്വീകരിക്കുവാനുള്ള ശക്തിയും വിവേകവും നമുക്കുണ്ടോ? ഭാവി വിശ്രമിക്കുവാനോ സുഖിക്കുവാനോ ഉള്ളതല്ല, പകരം നിരന്തരമായി പരിശ്രമിച്ച് നമ്മൾ വീണ്ടും വീണ്ടും ആവർത്തിച്ചു കൊണ്ടിരിക്കുന്ന വാഗ്ദാനം നിറവേറ്റാൻ കഴിയും. ഇന്ത്യയെ സേവിക്കുക എന്നതിനർത്ഥം ദുരിതമനുഭവിക്കുന്ന കോടിക്കണക്കിന് ജനങ്ങളെ സേവിക്കുകയെന്നതാണ്. ദാരിദ്ര്യത്തെയും അജ്ഞതയെയും അവസാനിപ്പിക്കുകയെന്നതാണ്. രോഗങ്ങളും അസമത്വവും അവസാനിപ്പിക്കുകയെന്നതാണ്. നമ്മുടെ തലമുറയിലെ ഏറ്റവും മഹാനായ വ്യക്തിയുടെ ആഗ്രഹം എല്ലാ കണ്ണുകളിൽ നിന്നും കണ്ണുനീർ തുടയ്ക്കുക എന്നതായിരുന്നു. ഇത് നമുക്ക് സാധ്യമാകണമെന്നില്ല, പക്ഷേ ജനങ്ങളുടെ കണ്ണുകളിൽ കണ്ണുനീർ ശേഷിക്കുന്നടുത്തോളം നമ്മുടെ പ്രവൃത്തി അവസാനിക്കുകയില്ല. അതു കൊണ്ടു തന്നെ നാം നമ്മുടെ സ്വപ്നം സഫലമാകുന്നതു വരെ നമുക്ക് പരിശ്രമിക്കണം. സ്വപ്നങ്ങൾ ഭാരതത്തിനു വേണ്ടിയാണ്, ഒപ്പം തന്നെ ലോകത്തിനു വേണ്ടിയുള്ളതുമാണ്. എല്ലാ രാജ്യങ്ങളും ജനങ്ങളും പരസ്പരം അടുത്ത ബന്ധം പുലർത്തുന്നതിനാൽ ഇന്ന് ആർക്കും സ്വയം തികച്ചും വ്യത്യസ്തമായി ചിന്തിക്കാൻ കഴിയില്ല. സമാധാനം അവിഭാജ്യമാണെന്ന് പറയപ്പെടുന്നു. അതു പോലെ സ്വാതന്ത്ര്യവും അവിഭാജ്യമാണ്. സമൃദ്ധിയും നാശവും. ഇപ്പോൾ ഈ ലോകത്തെ ചെറിയ-ചെറിയ ഭാഗങ്ങളായി വിഭജിക്കുവാൻ കഴിയില്ല. തന്റെ എല്ലാ മക്കൾക്കും വസിക്കുവാൻ കഴിയുന്ന സ്വതന്ത്ര ഭാരതത്തിന്റെ മഹത്തായ രൂപം നാം കെട്ടിപ്പടുക്കണം.

HSSLiVE.IN

********************